(ബി) ഈ പദ്ധതികൾക്ക് സാമ്പത്തിക സഹായം ഏതെല്ലാം ഏജൻസികൾ വഴിയാണ് നൽകുന്നതെന്നും ഇവയ്ക്ക് എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമ മാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും ഈ പ്രദേശത്തെ കുടി വെള്ളക്ഷാമം പരിഹരിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ അണ്ണിത്തോട് ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ എഞ്ചിനീയറിംഗ് സംഭരണ നിർമ്മാണ മാനേജ്മെന്റ് (ഇ. പി. സി. എം.) അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ നടന്നു വരുന്നു. കോന്നി താഴം ശുദ്ധജലവിതരണ പദ്ധതിയുടെ രൂപ കല്പന തയ്യാറാക്കി വരുന്നു. എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാറായിട്ടില്ല.

(ബി) അണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതി കേന്ദ്രഗവൺമെന്റ് സഹായത്തോടുകൂടി ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റു തുക 169.95 ലക്ഷം രൂപയാണ്. കോന്നി താഴം പദ്ധതി എൽ.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിച്ചുകൊണ്ടാണ് രൂപകല്പന ചെയ്തുവരുന്നത്. ഇത് പൂർത്തിയായാൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക അറിയാൻ കഴിയൂ.

(സി) വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിലെ മിനിവാട്ടർ സപ്ലൈ സ്കീമുകൾ

102(2014) ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു വെങ്കിലും നിർമ്മാണമാരംഭിക്കാത്ത നെടുങ്കണ്ട (നീലേശ്വരം പഞ്ചായത്ത്) വെള്ളടുക്കം (ഈസ്റ്റ് എളേരി പഞ്ചായത്ത്) കായിക്കോട്-കയ്യൂർ-ചീമേനി, പഞ്ചായത്ത് എന്നീ മിനി വാട്ടർ സപ്ലൈ സ്കീമുകൾ ടെണ്ടർ ചെയ്യാനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ നിർമ്മാണം ആരംഭിക്കാത്ത നെടുങ്കണ്ട (നീലേശ്വരം പഞ്ചായത്ത്) വെള്ളടുക്കം (ഈസ്റ്റ് എളേരി പഞ്ചായത്ത്) കായിക്കോട് ചീമേനി, കയ്യൂർ എന്നീ മിനി വാട്ടർ സപ്ലൈ സ്കീമുകളുടെ കിണറിന്റെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് (1999 ജൂലൈ 20 ആണ് ടെണ്ടർ സ്വീകരിക്കാനുള്ള അവസാന തീയതി).

LIBRARY ARCHIVES Kerala Legislative Assembly